## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6667** **09-11-2016-ൽ മറുപടിയ്ക്ക്**

**<u>കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കാൻ താലൂക്ക് തല ഡെസ്കുകൾ</u>**

| | ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഭാഗ്യക്കുറി വകുപ്പ് ആരംഭിച്ച താലൂക്ക് തല ഭാഗ്യക്കുറി ഔട്ട്ലെറ്റുകളോടനുബന്ധിച്ച് കഷ്ടപ്പെടുന്ന രോഗികളുടെയും അവരുടെ ബന്ധുക്കളുടെയും പ്രയാസങ്ങൾ പരിഗണിച്ച് കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുന്ന ഡെസ്കുകൾ കൂടി ആരംഭിക്കുവാൻ തയ്യാറാകുമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്തെ എല്ലാ ജില്ലാ ഭാഗ്യക്കുറി ആഫീസുകളിലും കാരുണ്യ ചികിത്സാ സഹായ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിച്ചു വരുന്നു. താലൂക്ക് ഔട്ട്ലെറ്റുകളിൽ കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുന്നതിന് നിലവിൽ സംവിധാനങ്ങളില്ല.<br>താലൂക്ക്തല ഔട്ട്ലെറ്റുകളിൽ 'കാരുണ്യ ഡെസ്ക്കുകൾ' ആരംഭിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (ബി) | സർക്കാരിന് പ്രത്യേകം സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കാനിടയില്ലാത്ത 'കാരുണ്യ ഡെസ്കുകൾ' സംബന്ധിച്ച വിശദാംശങ്ങൾ പുറപ്പെടുവിക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | | |
| (സി) | കാരുണ്യ ബനവലന്റ് ഫണ്ടിൽ കരാർ നിയമനങ്ങൾക്ക് പകരം ക്രമാനുഗതമായി സ്ഥിരം നിയമനങ്ങൾ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ആലോചിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ